"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - എറണാകുളം ജില്ല മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ബിന്ദു.പി.ബി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2528/2023/LSGD തീയതി,തിരുവനന്തപുരം, 20-12-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ പാൻ/505/2020-ഇ14 നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം ഡെപ്യൂട്ടി ഡയറക്ടറുടെ 20.03.2023ലെ ഡിഡിപി-ഇകെഎം/491/2022-ഇ5 നമ്പർ നടപടിക്രമം
3. ശ്രീമതി.ബിന്ദു പി ബി സമർപ്പിച്ച 27.04.2023ലെ അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.10.2023ലെ LSGD/PD/48730/2023-DEC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആഭ്യന്തര വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ 04.03.2016 മുതൽ സേവനം അനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി ബിന്ദു.പി.ബി- യെ പുനർവിന്യസിച്ച് 08.09.2020 തീയതി മുതൽ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ സേവനത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും, ടിയാളുടെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽക്കരിച്ചിട്ടുള്ളതാണെന്നും, ആഭ്യന്തര വകുപ്പിൽ സൂപ്പർ ന്യൂമററി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് പഞ്ചായത്ത് വകുപ്പിലേയ്ക്ക് പുനർവിന്യസിച്ച ക്ലർക്കുമാരുടെ പ്രൊബേഷൻ കാലയളവ് ആരംഭിക്കുന്നത് ആശ്രിത നിയമനത്തിനായി ജില്ലയിൽ നീക്കി വയ്ക്കപ്പെട്ട ഒഴിവ് നിലവിൽ വന്ന വാലിഡ് തീയതിയുടെ അടിസ്ഥാനത്തിലാണെന്നും, ആയതിനാൽ ടിയാളുടെ നിരീക്ഷണ കാലയളവ് 29.08.2019 തീയതി മുതൽ ആരംഭിക്കുന്നു എന്നും, ടിയാളുടെ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന 11 ദിവസത്തെ അവധി ഒഴിവാക്കിയാൽ, ടിയാളുടെ നിരീക്ഷണ കാലം 08.09.2021 ൽ പൂർത്തിയാകുന്നു എന്നും ടിയാൾ മാനുവൽ ഒഫ് ഓഫീസ് പ്രോസീജർ പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ, 09.09.2021 മുതൽ ഒരു വർഷത്തേയ്ക്ക് പരാമർശം (2) പ്രകാരം ടിയാളുടെ നിരീക്ഷണകാലം ദീർഘിപ്പിച്ചിട്ടുണ്ടെന്നും ടിയാൾ 22.11.2022 ന് മാനുവൽ ഓഫ് ഓഫിസ് പ്രോസീജർ പരീക്ഷ വിജയിച്ചിട്ടുണ്ട് എന്നും ആയതിനാൽ ശ്രീമതി ബിന്ദു.പി.ബി- യുടെ പ്രൊബേഷൻ കാലയളവ് 24.11.2022 തീയതി വരെ ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയും അനുബന്ധരേഖകളും പരാമർശം(4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം (4) പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക് ശ്രീമതി ബിന്ദു പി ബി - യുടെ പ്രൊബേഷൻ, ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 22.11.2022 തീയതിയുടെ തൊട്ടടുത്ത ദിവസമായ 23.11.2022 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ്, ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 09.09.2022 മുതൽ 24.11.2022 AN വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ഡെപ്യൂട്ടി ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീമതി.ബിന്ദു പി ബി , ക്ലർക്ക് , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.300/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 20-12-2023 15:09:01